കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ല - കരുവാറ്റ ഗ്രാമ പഞ്ചായത്ത് - യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്കാവശ്യമായ (യു.ഐ.ടി) കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം പാട്ടത്തിന് നല്കുന്നതിന് -അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 1038/2014/തസ്വഭവ തീയതി, തിരുവനന്തപുരം 26-4-2014

---

പരാമർശം: 1) കരുവാറ്റ ഗ്രാമ പഞ്ചായത്തിന്റെ 17/5/2012-ലെ VIII(17), 8/8/2012-ലെ VIII (1) , 18/1/2014-ലെ IV -ാംനമ്പർ തീരുമാനങ്ങൾ

2) കേരളാ യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ 27/11/2013-ലെ Ad.A.VII.2.506/2012 നമ്പർ കത്ത്

3) കരുവാറ്റ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 8/10/2013, 9/12/2013, 20/1/2014 എന്നീ തീയതികളിലെ സി4.43/13 നമ്പർ കത്തുകൾ

## ഉത്തരവ്

കളിസ്ഥലം സ്ഥാപിക്കുന്നതിന് കരുവാറ്റ ഗ്രാമ പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ കരുവാറ്റ ബ്ളോക്ക് 2, റീസർവ്വേ 153/5-ൽപ്പെട്ട 62 സെന്റ് സ്ഥലം കേരള സർവകലാശാലയുടെ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയ്ക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് പ്രതിവർഷം 1500 രൂപ നിരക്കിൽ 30 വർഷത്തേക്ക് കേരളാ യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് പാട്ടത്തിന് നല്കുന്നതിന് കരുവാറ്റ ഗ്രാമ പഞ്ചായത്ത് 18/1/2014-ലെ 4 നമ്പർ പ്രകാരം തീരുമാനമെടുത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുമതിക്കായി അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിത 62 സെന്റ് സ്ഥലം കേരളാ സർവകലാശാലയുടെ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയ്ക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് പ്രതിവർഷം 1500 രൂപ നിരക്കിൽ 30 വർഷത്തേക്ക് കേരളാ യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് പാട്ടത്തിന് നല്കുന്നതിന് കരുവാറ്റ ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാധാരണ വാണിജ്യാവശ്യത്തിന് വസ്തു പാട്ടം കൊടുക്കുമ്പോൾ ഉപയോഗിക്കുന്ന ഫാറം ഇക്കാര്യത്തിലും ഉപയോഗിക്കാവുന്നതാണ്. കൂടാതെ തുടക്കത്തിൽ 30 വർഷത്തേക്ക്

എന്നും കാലാവധി തീരുന്ന മുറയ്ക്ക് ഒരിക്കൽ 30 വർഷത്തേക്ക് എന്ന വ്യവസ്ഥയിൽ പാട്ടം പുതുക്കി നല്കാൻ പഞ്ചായത്തിന് അധികാരവും പാട്ട ഉടമ്പടിയിൽ ചേർക്കാവുന്നതാണ്. സ്ഥാപനത്തിന് കരുവാറ്റാ ഗ്രാമ പഞ്ചായത്ത് യൂണിവേഴ്സിറ്റി സെന്റർ എന്ന് നാമകരണം നിയമാനുസൃതം ചെയ്യാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ) കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
സെക്രട്ടറി , കരുവാറ്റ ഗ്രാമ പഞ്ചായത്ത്, കരുവാറ്റ പി.ഒ, ആലപ്പുഴ പിൻ 690517
രജിസ്ട്രാർ, കേരളാ യൂണിവേഴ്സിറ്റി, തിരുവനന്തപുരം പിൻ 695034
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.